
തൂലിക
ഡിജിറ്റൽ മാസിക
ജി.എച്ച്.എസ്.എസ്
മമ്പറം

# LITTLE KITES
# Digital Magazine 2018-19

**Govt. Higher Secondary School, Mambram**
**Ayitharamambram P.O. Kuthuparamba 670 643**
**Phone : 0490 2362477**
**email : ghssmambram@gmail.com**



# സന്ദേശം

പൊതു വിദ്യാഭ്യാസരംഗം വലിയൊരു പരിവർത്തന ഘട്ടത്തിലാണ്. അക്കാദമികമായ മികവുകൾക്കൊപ്പം ഇന്ന് സാംസ്കാരികമായ ഉണർവ്വുകളും എല്ലാം വിദ്യാലയങ്ങളിലും പ്രകടമാണ്.ഈ ദിശയിലുള്ള മികച്ച പ്രവർത്തനമാണ് ഈ മാഗസിൻ വിദ്യാർഥികളുടെ സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കുന്നതിലൂടെ ഓരോരുത്തരിലുമുള്ള പ്രതിഭയ്ക്ക് കിട്ടുന്ന ഒരു വലിയ അംഗീകാരം തന്നെയായി ഇതു മാറുകയാണ്. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും.

SUNILKUMAR.K.M
HEAD MASTER



# ആമുഖം

സർഗാത്മകത അറിവിൻെറ സൗന്ദര്യമാണ്. ചിന്തയുടെയും ഭാവനയുടെയും വെളിച്ചം നേടുന്നതിലൂടെ ഓരോ വിദ്യാർത്ഥിയും പഠനത്തെ അതിൻെറ ആഴത്തിൽ തന്നെ ഉൾക്കൊള്ളുമെന്നതിൽ സംശയമില്ല. പാഠപുസ്തകത്തിൽ നിന്ന് ആർജിച്ച വിജ്ഞാനങ്ങൾക്കൊപ്പം പുതിയനിരീക്ഷണങ്ങൾ അവതരിപ്പിക്കാൻ സ്വതന്ത്ര രചനകൾ കുട്ടികൾക്ക് പ്രചോദനമാകും. കഥ, കവിത, ലേഖനം തുടങ്ങിയ ഭാഷാ വ്യവഹാരങ്ങളിൽ കുട്ടികൾ സ്വാഭാവികമായും എത്തിച്ചേരണമെന്നില്ല. പലതും അവസരങ്ങളെ വിനിയോഗിക്കുക വഴി തേജോമയമായ ഒരു ഇടത്തിൽ എത്തിച്ചേരുകയാണ് ചെയ്യാറ്. ഇതിലേക്കുള്ള സുഗമമായ ഒരു വഴിയാണ് സ്കൂൾ മാഗസിനുകൾ. കൈയെഴുത്ത് മാഗസിൻ, പ്രിൻറഡ് മാഗസിൻ എന്നിവ ഇത്തരത്തിലാണ് പ്രയോജനപ്പെടുത്തിവരുന്നത്. എന്നാൽ പുതിയകാലത്തിൻെറ അവിരുചികളെ തൃപ്തിപ്പെടുത്തുന്ന, വിദ്യാർത്ഥികളുമായി നിരന്തരം സംവധിക്കുന്ന ഒരു മാധ്യമമെന്നനിലയിൽ ഇ. മാഗസിൻെറ പ്രസക്തി ഇന്ന് വളരെ വലുതാണ്. ഈ അർത്ഥത്തിൽ ജി. എച്ച്. എസ്. എസ്. മമ്പറം പ്രസിദ്ധീകരിക്കുന്ന 'തൂലിക' എന്ന ഡിജിറ്റൽ മാഗസിൻ നൽകുന്ന പ്രതീക്ഷ വലുതാണ്. അക്കാദമികമായി ശാക്തീകരിക്കപ്പെട്ട ക്യാമ്പസിൻെറ സദ്ഫലമായി ഞങ്ങളുടെ 'തൂലിക'യെ നിങ്ങൾ സ്വീകരിക്കുക.

സ്നേഹത്തോടെ,
ചീഫ് എഡിറ്റർ
സുനിൽകുമാർ. കെ. എം
(ഹെഡ്മാസ്റ്റർ)

# ഉള്ളടക്കം


| | |
|---|---|
| 1. ചില പ്രതിസന്ധികൾ രൂപപ്പെടുന്നത്....... | 06 |
| 2. മഴയൊന്നു വന്നു | 15 |
| 3. നല്ല പരിസ്ഥിതിക്കായി ഇന്ധനം ലാഭിക്കു | 16 |
| 4. ലിറ്റിൽ കൈറ്റ്സ് ഏകദിന ക്യാമ്പ് റിപ്പോർട്ട് | 18 |
| 5. അമ്മയാകുന്ന മഴ | 19 |
| 6. കണ്ണീരും കിനാവും | 21 |
| 7. പ്രളയ ഗാനം | 23 |
| 8. ഗ്രീഷ്മവും കണ്ണീരും കവിതാസമാഹാരവും | 24 |
| 9. സ്നേഹത്തിൻെറ താളുകൾ | 27 |
| 10. गोदान | 30 |
| 11. സ്കൂൾ കാർഷിക ക്ലബ്ബ് | 31 |
| 12. ദണ്ഡിയാത്ര | 32 |
| 13. പ്രളയത്തിൻെറ കൈത്താങ് | 33 |
| 14. പ്രവേശനോൽസവം | 34 |
| 15. spc പ്രവർത്തനം | 35 |
| 16. എഡിറ്റോറിയൽ ബോർഡ് | 36 |

### കഥ

# ചിലപ്രതിസന്ധികൾ രൂപപ്പെടുന്നത്.....



പി.എം.സജിത് കുമാർ

അന്ന് മൾട്ടി പ്ലക്സ് തീയറ്ററിനു മുന്നിൽ വലിയ തിരക്ക് അനുഭവപ്പെട്ടിരുന്നു. വിവിധ സിനിമകളുടെ പോസ്റ്ററുകളും സമയക്രമവും ധൃതിയിൽ വായിച്ച ശേഷം അയാൾ തിരക്കിനിടയിലൂടെ ഒരു സെക്യൂരിറ്റി ജീവനക്കാരന്റെ അടുത്തെത്തി.തീരെ തിരക്കുണ്ടാവാൻ ഇടയില്ലാത്ത ഒരു സിനിമയുടെ ടിക്കറ്റ് കൗണ്ടർ ഏതാണെന്നാണ് അയാൾ അന്വേഷിച്ചിരുന്നത്. സെക്യൂരിറ്റിക്കാരൻ കൈ ചൂണ്ടിയ ദിക്കിലേക്ക് അയാൾ നടന്നു.ടിക്കറ്റെടുത്ത് അത് പാന്റെ പോക്കറ്റിലേക്ക് തിരുകി ജെന്റ്സ് ടോയലറ്റിലേക്കാണ് അയാൾ നേരെ പോയത്. നല്ല വൃത്തിയും സൗകര്യവുമുള്ള യൂറിനറി അറകൾ നോക്കിയ ശേഷം അയാൾ ടോയലറ്റിലേക്ക് കയറി.അകത്ത് നിന്ന് കൊളുത്തിട്ട ശേഷം താൻ ധരിച്ച പച്ച ഷർട്ട് അഴിച്ചു മാറ്റുകയും അതിനിടയിൽ ഉണ്ടായിരുന്ന വൈറ്റ് ടീ ഷർട്ട് നേരയാകാക്കുകയും ചെയ്തു. കട്ടി കുറഞ്ഞ ആ ഷർട്ട് ചെറുതായി മടക്കി അരയിൽ തിരുകി,ടീ ഷർട്ടിൽ കൊളുത്തിയിട്ട കണ്ണട എടുത്ത് ധരിച്ച് അയാൾ പുറത്തേക്ക് വന്നു.

അഞ്ഞൂറ് പേർക്കെങ്കിലും ഇരിക്കാൻ സൗകര്യമുള്ള തീയറ്ററിൽ നൂറിൽ താഴെ ആളുകളെ ഉണ്ടായിരുന്നുള്ളൂ .ഏതൊരുതീരുമാനമെടുക്കുമ്പൊഴും അത് ബുദ്ധിപൂർവമായ ഒരു ചിന്തയെന്ന മട്ടിൽ ഒരു രണ്ട് തവണയെങ്കിലും സ്വയം ആസ്വദിക്കുന്ന പതിവ് അയാൾക്കുണ്ടായിരുന്നു. എന്നാൽ തീയറ്ററിലേക്കുള്ള ഈവരവിൽ പതിവ് ആത്മവിശ്വസം അയാൾക്ക് നഷ്ടപ്പെട്ടതു പോലെ തോന്നിയിരുന്നു. അകത്ത് കയറിയ ഉടനെ അധികം പിറകോട്ടു പോകാതെ ആളൊഴിഞ്ഞ ഒരു റോയിൽ അയാൾ ഇരുപ്പുറപ്പിച്ചു. എ.സി യുടെ തണുപ്പ് അയാളിൽ ആശ്വാസം പകരുന്നതായി തോന്നി. അപ്പൊഴും സ്ക്രീനിലെ പരസ്യങ്ങളല്ല , സീറ്റിനുതാഴെയുള്ള അധികം മിനുസമില്ലാത്ത പ്രതലമായിരുന്നു അയാള് നോക്കിയിരുന്നത്. പെട്ടെന്ന് തന്റെ ചുറ്റും നിന്ന് ആളുകളുടെ ഒരു ഇളക്കം

അനുഭവപ്പെട്ടപ്പോള് അയാള് സ്ക്രീനിലേക്ക് നോക്കി .ദേശീയ- ഗാനത്തിന്റെ അറിയിപ്പായിരുന്നു. യാന്ത്രികമെന്നോണം അയാള് പെട്ടെന്നെഴുന്നേറ്റു. ത്രിവർണപതാകയുടെ തിരയിളക്കത്തോടൊപ്പം ഗാനം മുഴങ്ങുന്നു .ഒരുപക്ഷേ ദേശീയബോധത്തെ ഒട്ടും പ്രവേശിപ്പിക്കാത്ത മനസ്സുമായി ആ സമയം തീയ്യറ്ററിൽ എഴുന്നേറ്റുനിന്ന ഏക മനുഷ്യന് അയാളായിരിക്കും. എല്ലാവരും ഇരുന്നപ്പോള് അയാളും ഇരുന്നു.

സിനിമയുടെ ടൈറ്റിൽ തെളിയുന്നതിനുപകരം ഒരു അറിയിപ്പാണ് സ്ക്രീനിൽ വന്നത്. കൂടെ തന്റെ ഫോട്ടോയും കണ്ടതോടെ അയാള്ക്ക് സ്ഥലകാലബോധം നഷ്ടമാവുന്നത് പോലെതോന്നി. ഏതോ സി.സി.ടിവിയിൽ നിന്നുള്ള ദൃശ്യമാണ്. പിന് വശമാണ് കൂടുതൽ കാണുന്നത്. സൂക്ഷിച്ചു നോക്കിയാൽ മുഖത്തിന്റെ ഒരുവശം കണ്ടെന്നുവരും. ആകെ തെളിഞ്ഞു നിൽക്കുന്നത് പച്ചഷർട്ടായിരുന്നു. നഗരത്തിൽ നടന്ന തുടർസ്ഫോടനങ്ങളിലെ സൂത്രധാരന് എന്നു കരുതപ്പെടുന്ന ആളാണെന്നും, എന്തെങ്കിലും വിവരം ലഭിക്കുന്നവർ അടുത്ത പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്നുമുള്ള അറിയിപ്പിലെ അക്ഷരങ്ങള് ഇളകിമറിയുന്ന ഒരുതിരമാല പോലെയാണ് അയാള് വായിച്ചുതീർത്തത്. പതിവിലും കവിഞ്ഞ ഒരു നിശബ്ദതയ്ക്കിടയിൽ, ഇന്ന് ചലച്ചിത്ര പ്രദർശനം ഉണ്ടായിരിക്കുന്നതല്ല, ഈ പാസ് ഉപയോഗിച്ച് അടുത്ത ദിവസം സിനിമ കാണാവുന്നതാണ് എന്ന അറിയിപ്പുകൂടി സ്ക്രീനിൽ വന്നതോടെ ഒരു മൌനജാഥ പോലെ ആളുകള് വരിവരിയായി പുറത്തേക്ക് നടന്നുതുടങ്ങിയിരുന്നു. അമ്പരപ്പിനിടയിലും തന്റെ ഷർട്ട് ഊരിമാറ്റാന് തോന്നിയ ബുദ്ധിയെ അയാള്ക്ക് പതിവു പോലെ ആസ്വദിക്കാന് കഴിഞ്ഞിരുന്നു. മനസ്സിൽ പല ചിന്തകള് പുകയുന്നതും ചിലതെല്ലാംപൊട്ടിത്തെറിക്കുന്നതും ആ നടത്തത്തിൽ അയാള് തിരിച്ചറിഞ്ഞിരുന്നു. എന്കിലും ചാനലുകളെല്ലാ മുള്ള ഇക്കാലത്ത് ഇങ്ങനെയൊരു അറിയിപ്പ്, അതും താന് കണ്ടുനിൽക്കെ സംഭവിച്ചതിലെ അത്ഭുതവും അയാളെ പിന്തുടരുന്നുണ്ടായിരുന്നു.

"അല്പ സമയം കഴിഞ്ഞാൽ എല്ലാ റൂട്ടിലേക്കും ബസ് നിലയ്ക്കും" അപരിചിതൻ പരസ്പരം പറയുന്നതിനെല്ലാം ഒരു സമാന സ്വഭാവമുണ്ടായിരുന്നു. കടകളോരോന്നായി ഷട്ടർ ഇട്ട് തുടങ്ങിയിരുന്നു.

'ലക്ഷ്യം മാർഗത്തെ ന്യായീകരിക്കും' എന്നു പറഞ്ഞ ചിന്തകൻ ആരായിരുന്നു എന്ന് എത്ര ഓർത്തിട്ടും മുരളിക്ക് കിട്ടിയില്ലെങ്കിലും ഒൻപതാം ക്ലാസിലെ മലയാളം മാഷ് അവൻെറ ഓർമ്മയിൽ ചിരിച്ചു. വാസുദേവൻ മാഷുടെ മുഖത്ത് ആദ്യം വരുന്ന ഭാവം ചിരിയായിരുന്നു. നേർത്ത ഒരു ചിരി. മാസങ്ങളായി അതേ ടൗണിൽ പലയിടത്തായി കഴിയുന്ന മുരളിയ്ക്ക് കയറാൻ പ്രത്യേകിച്ച് ഒരു ബസ് ഉണ്ടായിരുന്നില്ല. എന്നിട്ടും ആളുകൾ തിക്കികയറുന്ന ബസ്സിൽ കയറിപ്പറ്റുകയും ഒരു സീറ്റ് തരപ്പെടുത്തുകയും ചെയ്തു.

“എവിടേക്കോ?” കണ്ടക്ടറുടെ ചോദ്യത്തിന് മനസ്സിൽ വാസുദേവൻ മാഷ് എന്നും ശബ്ദം കുറച്ച് കണ്ണൂർ എന്നും മറുപടി നൽകി. “അവിടുന്ന് പറശ്ശിനിക്കടവിലേക്ക്" എന്നും
മനസ്സ് പൂരിപ്പിച്ചു.

ദൂരമുണ്ടങ്കിലും ലിമിറ്റഡ് സ്റ്റോപ്പ് ബസ് ആയതുകൊണ്ട് 2 മണിക്കൂർ കൊണ്ട് കണ്ണൂർ എത്തുമെന്നും മാഷ് അഞ്ച് മണി കഴിഞ്ഞാലും സ്കൂളിൽ ഉണ്ടാവുമെന്നും അയാൾ അതിനിടയിൽ തന്നെ കണക്കു കൂട്ടിയിരുന്നു.
പുറത്തേക്ക് നോക്കുന്നുണ്ടെങ്കിലും കണ്ണിൽ ഒന്നും രേഖപ്പെടുത്തുന്നില്ലെന്ന കാര്യം പോലും അയാൾ അറിഞ്ഞിരുന്നില്ല. അയാളുടെ മനസ്സപ്പോൾ വാസുദേവൻ മാഷിലേക്കുള്ള ദൂരം അളക്കുകയായിരുന്നു.

തോരണം തൂക്കാനുള്ള അലങ്കാര പകിട്ടുകൾ പ്ലാസ്റ്റിക്കായും പേപ്പറായും തുണികളായും വിപണിയിൽ അനേകമുണ്ടെങ്കിലും വാസുദേവൻ മാഷുടെ ആദ്യത്തെയും അവസാനത്തെയും ചോയ്സ് കുരുത്തോലയും കടവെട്ടിയ ലക്ഷണമൊത്ത രണ്ട് കുലവാഴകളുമായിരുന്നു. ഇവിടെയും അത്തരം ഒരു ഡക്കറേഷന്റെ അവസാന മിനുക്ക് പണിയിലാണ് അദ്ദേഹം.

കലാ സംവിധാന സഹായികളായി അഞ്ചാറ് ആൺകുട്ടികളും സൈനുദ്ദീൻ മാഷും പിന്നെ പ്യൂൺ സദാഷിവനും മാഷുടെ അടുത്തു തന്നെ ചുറ്റിപറ്റി നിൽപ്പുണ്ട്.അടുത്ത ദിവസം നടക്കുന്ന സ്കൂൾ വികസന ശില്പശാലയുടെ പ്രവേശന കവാടത്തിന്റെ അലങ്കാരപ്പനണിയാണ് ജാഗ്രതയോടെ നടക്കുന്നത്.

പതിവുപോലെ മാഷ് അൽപ്പംപിറകോട്ട് പോയി നിന്ന് ബാനറിന്റെ രണ്ട് വശത്തെ കുലവാഴയുടെയും അത് കെട്ടിനിർത്തിയ മുളങ്കാലിൽ നിന്ന് തൂങ്ങുന്ന കുരുത്തോല തോരണത്തിന്റെയും ഭംഗി ആസ്വദിക്കുകയായിരുന്നു.പെട്ടന്ന് പുറകിൽ നിന്ന് 'മാഷെ'എന്നോരു വിളി കേട്ടു.ആശങ്കയോടെ തിരിഞ്ഞു നോക്കിയ മാഷിന്റെ മുഖത്ത് പെട്ടെന്നു തന്നെ ഒരു ചിരി പരന്നു .....
“ഇതാര് മുരളിയോ?നീ ഈ നാട്ടിൽ തന്നെ ഉണ്ടോ?”
"ഓരോ എടപാടായിറ്റ് കോഴിക്കോട്ടും മലപ്പുറോം ഒക്കെയായിരുന്നു....
നാളെയാ പരിപാടി ...ല്ലേ? നോട്ടിസ് വാട്സ് ആപ് വഴി കിട്ടി"
"ആ.... പൂർവ്വ വിദ്യർത്ഥികളുടെ ഒരു യോഗം കഴിഞ്ഞ ദിവസം വിളിച്ചിരുന്നു.കുറച്ചു പേര് വന്നിരുന്നു.വിപുലമായൊരു സംഗമം
അടുത്ത മാസം വിളിക്യാന്ന് തീരുമാനിച്ചിട്ടുണ്ട്. നിന്റെ കൂടെ പഠിച്ച സന്തോഷാണ്സന്തോഷാണ് കൺവീനർ....”
" സന്തോഷ് വിളിച്ചിരുന്നു.പരിപാടി നമുക്ക് പൊളിക്കണം"

"പൊളിക്കാനോ?"
"ശ്ശോ!എന്റെ മാഷെ,കൊഴിപ്പിക്കണമെന്ന്"
"ഓ... ന്യൂ ജനറേഷൻ....ല്ലേ?"
രണ്ടു പേരും ചിരിച്ചെങ്കിലും മുരളി ചിരിവിട്ട് പെട്ടെന്ന് മാഷിന്റെ കൈയ്യിൽ പിടിച്ചു.അത് പതിവില്ലാത്ത ഒരു പിടിത്തമാണെന്ന് മാഷിനും തോന്നി
"മാഷെ,ഞാനിതു വഴി പോയപ്പോൾ ഒരു കുശലം ചോദിച്ചതല്ല.അറുപത് കിലോമീറ്ററിലധികം യാത്ര ചെയ്ത് ഞാൻ മാഷെ കാണാൻ വേണ്ടി മാത്രമാണ്...."
അത് വരെ തികച്ചും ഔപചാരികമായ ചില കുശലാന്വേഷണം നടത്തിയ വാസുദേവൻമാഷ് മുരളിയുടെ മുഖത്തേക്ക് ഗൗരവ പൂർവ്വം ഒന്നു നോക്കി അവനെന്തോ പ്രശ്നമുണ്ടെന്നും എന്നാൽ താനുമായി ഒരു പ്രശ്നം പങ്കുവയ്ക്കാനുള്ള യാതൊരു അടുപ്പവും ഇല്ലല്ലോ എന്ന കാര്യവും ഒരേ സമയം മാഷ് ആലോചിച്ചു.ഇനി തന്നെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യമായിരിക്കുമോ എന്ന ആശങ്കയും ഇതിനകം മാഷെ പിടികൂടിയിരുന്നു.
എന്താ മുരളീ പ്രശ്നം?'
മാഷേ,നമുക്കല്പം മാറി ഇരുന്നാലോ?
മാഷിന് തിരക്കുണ്ടോ?'
മറുപടിയൊന്നും പറയാതെ മാഷ് പതുക്കെ മുന്നോട്ട് നടന്നു.കൂടെ മുരളിയും. സ്കൂളിന്റെ മുന്നിലായി റോഡിന്റെ ഒരു വശത്ത് ഭംഗിയായി നിർമ്മിച്ച ഒരു ബസ് സ്റ്റോപ്പുണ്ട്.ബസ് സ്റ്റോപ്പ് എന്നു പറയാമോ? 'രാഘവൻ മാസ്റ്ററുടെ സ്മരണയ്ക്ക് 'എന്ന് എഴുതി വെച്ചിട്ടുണ്ടെങ്കിലും ബസ് ഷെൽട്ടർ എന്ന് അതിൽ എഴുതിയിട്ടേ ഇല്ലായിരുന്നു.കാരണം അതു വഴി ബസ് റൂട്ടില്ല.
'ഇനി നാളെ ബസ് റൂട്ട് ആവില്ലാന്നുണ്ടോ?' എന്നായിരുന്നു നിർമ്മാണ സമയത്ത് കമ്മിറ്റക്കാരുടെ മറുപടി.വാസുദേവൻ മാഷാണ് ആദ്യം ബസ് സ്റ്റോപ്പിലെ ഭിത്തിയിൽ കയറിയിരുന്നത്. മാഷുടെ അടുത്തായി തൂണും ചാരി മുരളിയും നിന്നു. മഴക്കാറുള്ളത് കൊണ്ട് നേരത്തെ സന്ധ്യയായത് പോലെ തോന്നിയിരുന്നു.

"എന്താ മുരളീ ഉണ്ടായത്?നീ പറ..."

"മാഷാണ് ബഷീറിന്റെ 'ഒരു മനുഷ്യൻ'എന്ന കഥ ഞങ്ങൾക്ക് പറഞ്ഞു തന്നത്" അതേയെന്ന അർത്ഥത്തിൽ മാഷ് തലയനക്കി.കാരണം വർഷങ്ങളായി ഇക്കഥ മാഷ് പല ക്ലാസുകളിലായി പറഞ്ഞു കൊണ്ടിരിക്കുകയാണ്.എന്നാലും ആ കഥയ്ക്ക് ഇവിടെ എന്ത്കാര്യം എന്ന സംശയത്തിലായിരുന്നു മാഷ്.

"മാഷേ ,ഇന്ന് ബസിൽ കയറിയപ്പോൾ എങ്ങോട്ട് പോകണമെന്ന ഒരു ചിന്തയിലായിരുന്നു ഞാൻ.അതിനു മാത്രം പ്രശ്നങ്ങളുമുണ്ടായിരുന്നു.
ഈ ക്രിസ്ത്യാനികൾക്ക് കുമ്പസാരം എന്നൊരു പരിപാടിയില്ലേ നമുക്ക്അതുപോലെ ഒന്നുമില്ലല്ലോ ഇന്ന് ബസ്സിൽ നിന്ന് എന്തോ ഈ കഥ പെട്ടന്ന് ഓർമ്മവന്നു .

അപ്പോൾ മാഷെ വന്നു കാണുക എന്നത് മാത്രമായിരുന്നു.എന്റെ പ്രശ്നത്തിനുള്ള ഏക പരിഹാരമായി തോന്നിയത്.കാര്യത്തിന്റ കിടപ്പിൽ ചില വശപ്പിശകുണ്ടല്ലോ എന്ന തിരിച്ചറിവിൽ മാഷ് അക്ഷമനായി. "എന്നിട്ടും മുരളി കാര്യം പറഞ്ഞില്ല ?" മാഷെ ,കൃത്ത്യമായി ഒരു കാര്യം പറയാനുണ്ടെങ്കിലും ഒന്നും വിശേഷിച്ച് പറയാനില്ലെങ്കിലും നമുക്ക് വേഗം പറഞ്ഞൊഴിയാൻ കഴിയും . ഇതോരു കുഴഞ്ഞ് മറിഞ്ഞകേസാ.... മാഷിനറിയാലോ,പഠിക്കുമ്പോൾ വലിയ തെറ്റില്ലാതേ പഠിക്കുന്ന ഒരു കുട്ടിയായിരുന്നല്ലോ ഞാൻ. അതങ്ങനെ ഡിഗ്രി വരെ പോയി. ആ സമയത്താണ് അച്ഛൻ ഒരു ഭാഗം തളർന്ന് കിടപ്പിലായത്. പെങ്ങളുടെ കല്യാണം നടത്തിയത് -പറമ്പിന്റെ ആധാരം വെച്ച് ലോണെടുത്തിട്ടായിരുന്നു.ആ കാര്യം പറയാത്തതാ നല്ലത്. ആവരും ഇപ്പോൾ വിട്ടിലാണുള്ളത് . പറയുമ്പോൾ നാട്ടിൽ ഒരുപാട് പണിയുണ്ട്. പക്ഷേ,നമ്മളങ്ങ്ഇറങ്ങിയാൽ ഏതെങ്കിലും ഒന്നോ, രണ്ടോ തൊഴിലേ നമ്മളതായിട്ടേ തോന്നൂ.... മാഷ് ശ്രദ്ധിച്ചിട്ടുണ്ടോ,കേരളത്തിൽ കപ്പലണ്ടി വറുത്ത് വിറ്റ് കുടുബം പോറ്റുന്ന ആയിരക്കണക്കിന് ആളുകളുണ്ട്. ഇതിനേക്കാൾ വരുമാനം കിട്ടുന്ന പണിയും വേണ്ടെന്ന് ......പിന്നെ ബോധ്യമായി, ചില തോഴില് നമ്മളെ അങ്ങനെ ചുറ്റി വരിഞ്ഞൊരു കിടപ്പാണെന്ന്. മുരളി വലിയോരു മഞ്ഞുമലയുടെ മീതെ നിന്ന്ഈ കഥ തുരന്നു തുടങ്ങിയതേ ഉള്ളു എന്ന് മാഷിന് മനസ്സിലായി. ഏതായാലും നേരത്തേയുള്ള ഉൽക്കണ്ഠയോ, അക്ഷമയോ ഒന്നും ഇപ്പോൾ മാഷിനെ അലട്ടുന്നില്ല.തികച്ചും നിർബേധമായ ഒരു വശ്യതയോടെ അറബിക്കഥയിലെ ഷഹരിയാറിനെ പോലെ പുലരും വരെ കഥകേൾക്കാൻ പാകപ്പെട്ടുള്ള ഒരു ഇരിപ്പിന് ഇതിനകം മാഷ് തയ്യാറായി കഴിഞ്ഞിരുന്നു.

ഈ തുണി ഐറ്റംസ് വീടുകയറി വിൽക്കുന്നതായിരുന്നു എൻെറ പരിപാടി. കുറച്ചുകാലം ഒരു കടയിൽ സെയിൽസിൽ നിന്നപ്പോൾ തോന്നിയ ബുദ്ധിയാ സാമാന്യം വലിപ്പമുള്ള ഒരു ബാഗിൽ ചുരിദാർ ബിറ്റ്സ്, മാക്സി, ഷർട്ട് പീസ്, ലുങ്കി അങ്ങിനെയുള്ളവ ഒരു ബൈക്കിലാക്കി ഒരു പോക്ക്..............

വലിയ ലാഭം എടുക്കാതെ കടയിൽ കിട്ടുന്നതിനേക്കാൾ വിലകുറച്ച് കൊടുക്കാൻ പറ്റുമായിരുന്നു. മോശമില്ലാത്ത കച്ചവടോം കിട്ടിയിരുന്നു...............................................

പക്ഷെ വേറെയൊരു പ്രശ്നം വന്നു. കാര്യം തുണിയുടേതായാലും, സെലക്ഷൻ എന്നു പെണ്ണു കാണൽ പോലെയൊരു പിടികിട്ടാത്ത കേസ്സാ .ഒരുപാട് തുണി വിൽക്കാനാകാതെ കെട്ടികിടക്കുന്നു. പിന്നെ ആ പണി ഉപേക്ഷിക്കാൻ വേറെയൊരു കാരണം കൂടിയുണ്ടായിരുന്നു മാഷെ........................

പകൽ സമയത്ത് പല വീടുകളിലും സ്ത്രീകളെ ഉണ്ടാവൂ കാലം അത്ര നല്ലതല്ലല്ലോ? പലരും ഒരു സംശയ ദൃഷ്ടിയോടെ നോക്കുന്നതു പോലെ തോന്നി.

"വേഗം പറഞ്ഞ് വിടാൻ നോക്ക്" എന്നൊരു ഭാവം

കുറച്ചു ദിവസം ഒരു പരിപാടയുമില്ലാതെ വിലകുറഞ്ഞ ഒരു ലോഡ്ജിൽ അങ്ങനെ കഴിച്ചു കൂട്ടി.ഒരു എത്തും പിടീം ഇല്ലാത്ത അവസ്ഥ. കൂടെ പഠിച്ചോരെല്ലാം പെണ്ണും കെട്ടി
കുട്ട്യോളും ആയി ഒന്നുകിൽ എല്ലാം തികഞ്ഞ ഡീസന്റ് പാർട്ടി, അല്ലെങ്കിൽ തനി തരികിട ഇക്കൂട്ടർക്കേ ഇക്കാലത്ത് എളുപ്പത്തിൽ മങ്ങലം തരപ്പെട്ടു.. മാഷേ.
ഇതിനിടയിൽ എനിയ്ക്കൊരു വിസയുടെ ഓഫർ വന്നു. 50000 രൂപ മതി. അതും കമ്പനി വിസ.പിന്നെ ടിക്കറ്റിന്റെ കാര്യോം നോക്കിയാൽ മതി. ഒന്നുണ്ടെങ്കിൽ കാര്യം നടക്കും. പക്ഷ,ഒരു ലക്ഷം ഉണ്ടാക്കാൻ എന്തു വഴി?
പണ്ടൊക്കെ ഈ ബസ്സിൽ പോക്കറ്റടി നടന്നാൽ ബസ് സ്റ്റേഷനിലെത്തിച്ചിട്ട് പോലീസിൻെറ ഒരു പരതലില്ലേ ? അപ്പോൾ ആ ബസ്സിൽ നമ്മളുണ്ടെങ്കിൽ, അടുത്ത ഊഴം നമ്മളാണെന്ന് വരുമ്പോൾ ഇനി ഞാനെങ്ങാൻ എടുത്തുപോയിട്ടുണ്ടാവുമോയെന്ന് കാര്യമില്ലാതെ ഒരു ഭയം തോന്നൂലേ?
അതുപോലെ, ഞാൻ പറഞ്ഞില്ലേ.... തുണി വിറ്റു നടന്നപ്പോൾ പലരും സംശയിച്ചതുപോലെ ഞാനൊരു തട്ടിപ്പുകാരനാണോയെന്ന് സ്വയമൊരു തോന്നൽ. പിന്നെ അത് ഞാനങ്ങ് ഉറപ്പിച്ചു. ചെറിയ തട്ടിപ്പൊന്നുമില്ലാതെ ഇക്കാലത്ത് ജീവിക്കാനാവില്ലെന്ന് ആരെല്ലാമോ പറഞ്ഞത് ഞാൻ വീണ്ടും വീണ്ടും കേൾക്കാൻ തുടങ്ങി."

ഇത്രയും ആയപ്പോൾ ഒരു കഥകേൾക്കുന്ന ലാഘവത്തിൽ നിന്ന് മാറി, സന്ദർഭം ആവശ്യപ്പെടുന്ന ഉദ്വോഗത്തിൻെറ ചോദ്യമുന കണ്ണിൽ നിർത്തി വാസുദേവൻമാഷ് മുരളിയുടെ വാക്കുകളുടെ ഗൗരവം തന്നിലേക്ക് ആവാഹിച്ചു.

"ഒരു ലക്ഷം സംഘടിപ്പിച്ച് ജീവിതമൊന്ന് പാകപ്പെടുത്തുക. അതിന് ചെറിയൊരു തട്ടിപ്പ്. അത് പ്ലാൻ ചെയ്താണ് ഞാൻ ടൗണിലെ ഒരു ഇടത്തരം ജ്വല്ലറിയിൽ കയറിയത്. ഡിസൈനിലുള്ള അഞ്ച് പവൻെറ ഒരു മാല ഓർഡർ ചെയ്യുക. ഇനി എൻെറ പ്ലാൻ കൂടി മാഷ് കേൾക്കണം. മാല കഴുത്തിലെടുത്തിട്ട് കണ്ണാടിയിൽ ഭംഗി നോക്കുന്നതുപോലെ ഭാവിച്ച് ഒറ്റ മിന്നിക്കല്. റോഡിൽ സ്റ്റാർട്ടിൽ നിൽക്കുന്നബൈക്കിൽ കയറുക മുങ്ങുക. മാഷൊന്ന് ഓർത്ത് നോക്കിയേ , പിറേറ ദിവസം പത്രത്തിൽ വാർത്ത വായിക്കുമ്പോൾ ഏതൊരാൾക്കും ആദ്യം കള്ളൻ വടിയാക്കിയത് ഓർത്തൊരു ചിരിയല്ലേ വരിക ? പിന്നെ കടക്കാരനോട് ഒരു സഹതാപവും ... എന്തായാലും യുവതിയെ വഴിയിൽ തടഞ്ഞ് മാലപൊട്ടിച്ചോടി, മോഷണത്തിന് വേണ്ടി കൊല... എന്നതിനേക്കാളൊക്കെ ഒരു മാന്യതയുള്ള പ്രവൃത്തി എന്നല്ലേ ആരും പറയൂ? അർദ്ധമനസ്സോടെ മാഷ് അതേന്ന് തലയാട്ടി. എന്നാൽ കടയിൽ കയറിയതും അവിടെയുള്ളവരെയല്ല , ഇറങ്ങി വരുന്ന ഒരു ചെറുപ്പക്കാരനെയാണ് ഞാൻ ,ശ്രദ്ധിച്ചത് . ഒരു ചെറു ചിരി വരുത്തി കൈ ഒരു തവണ തുറന്നു പൂട്ടിക്കൊണ്ട് ഒരു ആക്ഷൻ കാണിച്ചാണ് അവൻ ഇറങ്ങിയത്.

എന്തോ 'പൊട്ടം' എന്നൊരു സൂചനയാണ് എനിക്ക് അതിൽ നിന്നും കിട്ടിയത്.ഞാനൊന്ന് പരുങ്ങി.അതേ പോലെ മടങ്ങാനാണ് എനിക്കപ്പം തോന്നിയത്.എന്തോ ഒരു വെപ്രാളത്തിൽ കൈയ്യിലുള്ള കെട്ട് അവിടത്തെ ഗ്ലാസ് ടേബിളിലിൽ വെച്ചു പോയിരുന്നു... റോഡിലിറങ്ങി ഒരു പത്തടി നടന്ന കാണും.പിറകിൽ നിന്ന് കാതടയ്ക്കുന്ന ഒരു പൊട്ടൽ. തിരിഞ്ഞ് നോക്കുമ്പോൾ ആ കട പുകയിൽ പൊതിഞ്ഞിരുന്നു. സത്യത്തിൽ അവനാരാണെന്ന് എനിക്കറിയില്ല, എന്നാൽ അവനെ എനിക്കറിയേം ചെയ്യാം... ഒരു ദിവസം തുണിയും കൊണ്ട് പോകുമ്പോൾ പെട്ടെന്നൊരു മഴ പെയ്തു.വണ്ടി ഒരു ബസ് സ്റ്റോപ്പിനടുത്ത് സൈഡാക്കി ഞനവിടെ കയറി നിന്നു.അപ്പോൾ അവിടെ അവനുണ്ടായിരുന്നു.
നല്ല ചുറുചുറുക്കുള്ള ഒരു പയ്യൻ.
'ബായ്,എന്താ സാധനം?'
'തുണികളാണ്.ഹോം ഡെലിവറി' ചെറിയൊരു നിശബ്ദതയ്ക്കു ശേഷം അവൻ വീണ്ടും ചോദിച്ചു:
“എന്തെങ്കിലും മെച്ചമുണ്ടോ?”
“എന്ത്...എന്തൊരു തൊരം അതു തന്നെ"
“നമ്മള് കുറച്ച് സ്പീഡാ... പെട്ടെന്ന് പണം കിട്ടണം.പക്ഷേ,ചില പൊട്ടലും ചീറ്റലും കൂടിയേ തീരു"
അപ്പോഴേക്കും ഒരു ബസ് വന്നു.അതിൽ കയറാൻ നോക്കുമ്പോൾ "പറ്റുമെങ്കിൽ പറഞ്ഞോ"എന്നും കൂടി അവൻ പറഞ്ഞിരുന്നു...
പിന്നെ പല സ്ഥലങ്ങളിലും കണ്ടെങ്കിലും ഒരു ചിരിയിൽ ഒതുങ്ങുന്ന പരിചയം.
എന്നാൽ ഇന്ന് സംഭവിച്ചതിൽ ഞാൻ കിടുങ്ങിപ്പോയി. അലക്ഷ്യമായി കുറേ നടന്നു.
ആരിൽ നിന്നെല്ലാമോ കിട്ടിയ വിവരങ്ങൾ ഇത്രയുമാണ്: ആ ഷോപ്പിൽ ചെറിയൊരു പൊട്ടിത്തെറിയേ നടന്നുള്ളൂ. എന്നാൽ അല്പസമയത്തിനകം മാർക്കറ്റിൽ നടന്ന സ്ഫോടനത്തിൽ 4 പേർ മരിച്ചിട്ടുണ്ട്. വാർത്ത ഇവിടെയും ചർച്ച ചെയ്യുന്നത് ഞാനിപ്പോൾ കേട്ടു.പക്ഷേ , എന്നെ ആരും തിരിച്ചറിഞ്ഞിട്ടില്ല.
ഇത്രയും കേട്ട സ്ഥിതിക്ക് മാഷ് പറയൂ...
ഞാൻ ചില വഴിവിട്ട ചിന്തകളിൽപ്പെട്ടെന്നത് നേരാ, പക്ഷേ, ഞാനൊന്നും ചെയ്തിട്ടില്ലല്ലോ?
നമ്മളൊക്കെ പല അരുതായ്മകളും മനസ്സിൽക്കൊണ്ട് നടക്കാറില്ലേ....?
സ്വപ്നത്തിൽ കാണാറില്ലേ...?
ഇതിപ്പം ആ പരിധിയും വിട്ട് അല്പം കൂടി മുന്നോട്ട് പോയി...ല്ലേ? തെറ്റാണ്...
സുഹൃത്തുക്കളും ബന്ധുക്കളുമായിട്ട് അടുപ്പമുള്ളവർ കുറേയുണ്ട്.
എന്നിട്ടും എൻെറ കലങ്ങിയ ചിന്തകളിൽ മാഷിൻെറ മുഖമാ ഊറിക്കൂടിയത്.

മാഷേ...ഞാനൊരു പിഴച്ചവനാണോ? ഒരു പ്രതിയെ പോലെ നീചനാണോ?"
ഒട്ടും ആലോചിക്കാൻ സമയമെടുക്കാതെയായിരുന്നു വാസുദേവൻ മാഷുടെ മറുപടി:
"നീ നല്ലവനാ മുരളീ... ആ പയ്യനെ കടയിൽ കണ്ടില്ലായിരുന്നെങ്കിലും അവിടെ നിന്ന് ഒരു തട്ടിപ്പറിയും നീ നടത്തില്ലായിരുന്നു. വിലയെല്ലാം ചോദിച്ച് ബോധ്യപ്പെട്ട് മടങ്ങും. അത്രയേ സംഭവിക്കുമായിരുന്നുള്ളൂ..."
"മാഷ് പറയുന്നത് സത്യമാണോ?"
"സത്യം".
"ഇന്ന് ഞാൻ വീട്ടിൽ പോകും മാഷേ, എനിക്കിന്നെന്തായാലും സ്വസ്ഥമായുറങ്ങാൻ കഴിയും"
ചുറ്റിലും ഇരുട്ട് നിഴലിട്ടു തുടങ്ങിയിരുന്നു. മുരളീ റോട്ടിലേക്ക് ഇറങ്ങി നടന്നു. ഏതോ ചിന്തയിൽ ഒന്നു തിരിഞ്ഞുനോക്കി. മാഷിരിക്കുന്ന ബസ്സ്റ്റോപ്പ് ഒരു കുമ്പസാരക്കൂടിൻെറ ആകാരമെടുത്തണിഞ്ഞതായി അപ്പോൾ മുരളിക്കു തോന്നി. വാസുദേവൻ മാസ്റ്റർ അതേ ഇരിപ്പിലാണ്.
'താൻ പറഞ്ഞത് ശരിയായിരുന്നുവോ?
തൻെറ അകത്തു നിന്നും തനിക്ക് പുറത്തു നിന്നും വന്നേക്കാവുന്ന അനവധി ചോദ്യങ്ങൾക്കു മുമ്പിൽ നിരാലംബനായിപ്പോകുന്ന ഒരാളുടെ മുഖം പോലെ മാഷിന് ചുറ്റും അപ്പോഴേക്കും ഇരുട്ട് ലയിച്ചു കഴിഞ്ഞിരുന്നു.

# മഴയൊന്നു വന്നു



Ardra Bijoy  7A

മഴയൊന്നുവന്നു മഴ വന്നു
അന്നാ മഴയിൽ ഞാൻ നനഞ്ഞു
മഴയൊന്നു വന്നു മഴ വന്നു
പീടികയിൽ ഞാൻ കയറി നിന്നു
അന്നാമഴയിൽ കയറിനിന്നവിടെ
ജന്മിമ്മാരുടെ മക്കളുണ്ട്
മക്കളോ എന്നെ അവിടെ നിന്ന്
മഴയിൽ വീണ്ടും തള്ളിവിട്ടു
ഞാനോ മഴയിൽ കുളിച്ചു നിന്നു
നാടിൻ വരമ്പിലൂടെ നടന്നു

മഴയൊന്നുവന്നു മഴ വന്നു
അന്നാമഴയിൽ ഞാൻ നനഞ്ഞു
മഴയൊന്നുവന്നു മഴ വന്നു
പീടികയിൽ ഞാൻ കയറിനിന്നു
നാടിൻ വരമ്പിൽ എന്നച്ഛൻ കുടയുമായ്
ജന്മിമാർക്കൊന്നു ചൂടിക്കൊടുത്തു
അപ്പുറമാണെങ്കിൽ വെള്ളം മാത്രം
നെല്ലൊക്കെ മുങ്ങിനിറഞ്ഞുപോയ്

ഇപ്പുറമാണെങ്കിൽ വെള്ളം മാത്രം
നെല്ലൊക്കെ മുങ്ങിനിറഞ്ഞുപോയ്
ഞാനിപ്പോളെങ്ങോട്ടു തുള്ളിമാറും
രണ്ടുഭാഗത്തും നിറയെവെള്ളം
തുള്ളി ഞാൻ മുങ്ങി മാറിനിന്നനു
ജന്മിമാരങ്ങ് കടന്നു പോയ്
ഇനിയൊരു മഴയോ വരാനിരിക്കെ
ഒരു പുത്തൻ കുടയൊന്നു വാങ്ങിടേണം
ഇനിയൊരു മഴയോ വരാനിരിക്കെ
ജന്മിയും തീയ്യനും ഒത്തിടേണം
മഴയൊന്നുവന്നു മഴ വന്നു
അന്നാമഴയിൽ ഞാൻ നനഞ്ഞു
മഴയൊന്നുവന്നു മഴ വന്നു
പീടികയിൽ ഞാൻ കയറി നിന്നു.

# നല്ല പരിസ്ഥിതിക്കായ് ഇന്ധനം ലാഭിക്കു



**Avani Manoj IX:A**

ഉപകരണങ്ങൾ വാങ്ങിച്ചുകൂട്ടുകയാണ് മലയാളികൾ. ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രോണിക് കൺസ്യൂമർ ചന്തയ്ണ് കേരളം .ജീവിതം സുഖകരമാക്കനും അയത് ന ലളിതമാക്കാനും വാങ്ങിച്ചു കൂട്ടുന്ന ഉപകരണങ്ങൾ വൈദ്യുതി വറ്റിച്ചു തീർക്കുന്ന കുട്ടി ഭൂതങ്ങളാണെന്ന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടകാലം അധിക്രമിച്ചിരിക്കുന്നു. ഉപകരണങ്ങൾ ഉപേക്ഷിക്കണമെന്ന പിൻതിരിപ്പൻ ആശയമല്ല മറിച്ച് ഊർജ്ജദായകമായ ഉചിതമായ ഉപകരണങ്ങൾ വാങ്ങാൻ അവരെ ബോധവാന്മാരാക്കണം

കൽക്കരി ,പെട്രോളിയം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ കത്തുമ്പോൾ കാർബൺഡൈഓക്സൈഡ് അടക്കമുള്ള ഹരിതഗൃഹവാതകങ്ങൾ അന്തരിക്ഷത്തിലേക്ക് ധാരാളംവന്നുചേരുന്നു. ഇവയ്ക്ക് സൂര്യപ്രകാശത്തിലെ ചൂടിനെ ആഗിരണം ചെയ്യാനുള്ള ശേഷിയുണ്ട്. അന്തരീക്ഷത്തിൽ ഹരിതഗൃഹവാതകങ്ങളുടെ അളവ് വർധിക്കും തോറും അന്തരീക്ഷ ഊഷ്മാവ് ഉയർന്നുകൊണ്ടിരിക്കുന്നു. ഈ പ്രതിഭാസത്തെയാണ് ആഗോളതാപനം എന്നുപരയുന്നത്. അന്തരിക്ഷ ഊഷ്മാവ് വർധിക്കുന്നതുവഴി കാലാവസ്ഥാവ്യതിയാനം എന്ന പ്രതിഭാസം ഉടലെടുത്തിയിരിക്കുന്നു . ഇന്ന് ലോകമെമ്പാടും ചർച്ചചെയ്യപ്പെടുന്ന പ്രധാന വിഷയമാണിത് . കാലാവസ്ഥാവ്യതിയാനം മൂലം മാറാരോഗങ്ങൾ പിടിപെടുകയും ചെയ്യുകൊണ്ടിരിക്കുന്നു .

ഇവിടെയാമ് ഊർജ്ജ സംരക്ഷണത്തിന്റെ പ്രസക്തി . നമ്മുടെ വീട്ടിൽ 1 യൂണിറ്റ് വൈദ്യുതി ലാഭിച്ചാൽ താപനിലയങ്ങളിൽ 1kg കൽക്കരി കത്തിക്കുന്നത് ഓഴിവാക്കാൻ സാധിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് . രാജ്യത്തെ ഉദപ്പാദന നിലയങ്ങളിലെ സിംഹഭാഗവും കൽക്കരി ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത് . ഈ വസ്തുത കണക്കിലെടുക്കുമ്പോൾ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വഴി ഒവിവാക്കാപ്പെടുന്ന ഹരിതഗൃഹ

വാതകങ്ങളുടെ അളവ് വളരെ ഗണ്യമാണ്.

നാം ആർത്തിയോടെ അലക്ഷ്യമായി ഉപയോഗിച്ചു തീർക്കുന്ന ഇന്ധനങ്ങൾ നമ്മുടേതല്ലെന്നും ഭാവിതലമുറയുടെ പക്കൽ നിന്നും കടം വാങ്ങിയതാണെന്നും അത് സുരക്ഷിതമായി തിരിച്ചേൽപ്പിക്കാനുള്ള ബാധ്യത കാലം ചെല്ലുമ്പോൾ നമുക്കുണ്ടെന്നും ഓർത്താൽ ഊർജ്ജ സംരക്ഷണത്തിലേക്ക് ഈ സമൂഹത്തെ ഒന്നാകെ കൊണ്ടുവരാം.

# ലിറ്റിൽ കൈറ്റ്സ്ഏകദിന ക്യാമ്പ് റിപ്പോർട്ട്

2018 ആഗസ്റ്റ് 15 ന് 10 മണിക്ക് ലിറ്റിൽ കൈറ്റിൻെറ ഒരു ക്ലാസുണ്ടായിരുന്നു. സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ഒമ്പത് മണിക്ക് ഞാൻ സ്കൂളിൽ എത്തിയിരുന്നു. സ്കൂളിൽ സ്വതന്ത്ര്യദിന പരിപാടികൾ നടക്കുന്നുണ്ടായിരുന്നു. പത്ത് മണിയാകവെ എല്ലാം അവസാനിച്ചു. ഞാനും ലിറ്റിൽ കൈറ്റിൻെറ മറ്റ് അംഗങ്ങളും അവിടെയെത്തിയിരുന്നു. നമ്മൾ പത്ത് ബി ക്ലാസിൽ ഇരുന്നു. ശ്രീജിത്ത് സാർ ആയിരുന്നു ക്ലാസെടുത്തത്. പ്രധാനഅധ്യാപകൻ സുനിൽ സാറും സീനിയർ അസിസ്റ്റൻെറ് കനകമണിടീച്ചറും കാണാനെത്തി. ശ്രീജിത് സാർ ക്ലസെടുക്കാൻ തുടങ്ങി. അന്ന് പഠിപ്പിച്ചത് ആനിമേഷൻെറ വിവിധ ഘട്ടങ്ങളാണ്. നാം തയ്യാറാക്കിയ ആനിമേഷനെഭംഗിയാക്കാനും തയ്യാറാക്കിയ ആളുടെ പേര് രേഖപ്പെടുത്താനും അതിന് ബേക്ക്ഗ്രൗണ്ടായി ശബ്ദം നൽകാനും ഒക്കെയാണ് അന്ന് പഠിപ്പിച്ചത്. അങ്ങനെ ഉച്ചയായി. സാർ പറഞ്ഞുതന്ന കാര്യങ്ങളൊക്കെയും ഓരോ കുട്ടികളും സ്വന്തമായി ചെയ്തു. എന്നിട്ട് പ്രസീന ടീച്ചറെ കാണിച്ച് ബോധ്യപ്പെടുത്തി.  ഉണ്ടാക്കിയ ആനിമേഷൻ സ്വന്തം പെൻഡ്രൈവിലേക്ക് കയറ്റി. മൂന്ന് മണിക്ക്ക്ലാസ്സ് അവസാനിച്ചു. അന്നത്തെ ക്ലാസ് വളരെ രസകരമായിരുന്നു. സ്വന്തമായി ആനിമേഷൻ തയ്യാറാക്കിയതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.



# അമ്മയാകുന്ന മഴ



Shravana Jyotsna 5B

മഞ്ഞൂള്ള രാത്രിയിൽ കുളിരുള്ള  രാത്രിയിൽപെയുന്നവോ മഴ  തുള്ളിയായി
മുത്തുകൾ  വീഴും  പോൽ  ഓരോരു  തുള്ളിയും
താഴേക്ക  താഴേക്ക  പോരുന്നുവോ.............
പുഴയുടെ  അമ്മയായ് മണ്ണിൻെറ  ഗന്ധമായ്
ഓരോരോ തുള്ളിയും  നന്മയായി
വാടിക്കരിഞ്ഞൊരീ  ചെടിയുടെ  ഉള്ളിലെ  വിത്തു-
കളെല്ലാം  മുളപൊട്ടിയോ
അറിയാതെ അറിയുന്ന  അമ്മയായ് ഈ  മഴ
പ്രക്രുതിയുടെ പച്ചപ്പിൻ നവ ജീവനും
അമ്മയുടെ വാത്സല്യം അറിയുന്ന നമ്മളൽ
മഴയുടെ മക്കളാരെന്നറിഞ്ഞു
മഴയുടെ മക്കളാണീ പ്രകൃതി
മഴയുടെ  മക്കളാണീ പുഴകൾ
മഴയുമടെ മക്കളാണീ  ഭ്രമിയും
മഴയുടെ  മക്കളാണീലോകവാസികളിൽ
മഴയില്ലെങ്കിൽ പുഴയുണ്ടോ ഓർക്കുക
മഴയില്ലെങ്കിൽ മരമുണ്ടോ  ഓർക്കുക
മഴയില്ലെങ്കിൽ ജലമുണ്ടോ ഓർക്കുക
ഇവയില്ലാതെ നാം മാനുജനം മഴയില്ലാതെ
ഈ  ഭ്രപ്രകൃതിം ച............

ഉണ്ടാവില്ല  ഒരിക്കലും....
അമ്മയില്ലാതെ നാം മക്കളുണ്ടോ?
അതുപോലെയാണ് മഴയില്ലെങ്കിൽ നാമില്ല
ഇനി  മഴയില്ലെങ്കിൽ നാമില്ല

# കണ്ണീരും കിനാവും - വി.ടി.ഭട്ടതിരിപ്പാട്

ലേഖനം



അൻസിയഎൻഅശോക്

പ്രശസ്തനായ ലേഖകനും കഥാകൃത്തും അതിനപ്പുറം വനിതാ സമുദായത്തിനുവേണ്ടി പ്രവർത്തിച്ച സാമൂഹിക പരിഷ് കർത്താവായ വി.ടി.ഭട്ടതിരിപ്പാടിന്റെ ആത്മകഥാപരമായ ഒരു ലേഖനമാണ് "കണ്ണീരും കിനാവും" എന്ന പുസ്തകം . ഇത് വി.ടി യുടെ ലേഖന സമാഹാരമാണ്പ്രധാനമായും ഇതിൽ പതിനൊന്ന് ലേഖനങ്ങൾ അടങ്ങിയിരിക്കുന്നു.

ഈ പുസ്തകത്തിലെആദ്യത്തെ ലേഖനം 'കളിവിളക്കിന്റെ കരിന്തിരി'യാണ് ഇത് പൂർണ്ണമായും ആത്മ-കഥാപരമായ ഒരു ലേഖനമാണ്. ഇവിടെ ലേഖകൻപണ്ട്കാലത്ത് ജാതിവിവേചനം നിലനിന്നിരുന്നതും സ്ത്രീകളെ അടിച്ചമർത്തലും പറയുന്ന സാവിത്രി കുട്ടി എന്ന ശക്ത വനിതാ കഥാപാത്രത്തെഅവതരിപ്പിച്ചിരിക്കുന്നു. വനിതകൾ പുരനിറഞ്ഞ്നിന്നിരുന്ന അക്കാലത്ത് സാമ്പത്തികനില വളരെ മോശമായ ഒരു കുടുംബത്തിന് സ്ത്രീധനം നൽകാൻ കഴിയുമായിരുന്നില്ല. അത്തരമൊരു അവസരത്തിൽ സാവിത്രി കുട്ടി എന്ന പെൺകുട്ടിയുടെ കഥ ഈ ലേഖനത്തിലൂടെ ലേഖകൻ പറഞ്ഞുതരുന്നു. ഈ ലേഖകൻ ഇങ്ങനെയൊരു ലേഖനമെഴുതിയത് അക്കാലത്ത്ജീവിച്ചിരുന്ന ഒരുപാട് സാവിത്രി കുട്ടിമാർക്കാണ്. ഇതൊരു കർമ്മമായി ലേഖകൻ കണക്കാക്കുന്നു.

വി.ടി യുടെ കണ്ണീരും കിനാവും എന്ന പുസ്തകത്തിലെ രണ്ടാമത്തെ ലേഖനമാണ് ഒരപ്ഫൻ ജനിക്കുന്നു. ഈ ലേഖനത്തിൽ കേരളത്തിലെ ദുരാചാരങ്ങൾ വിവരിക്കുന്നു. ഒരപ്ഫൻ നമ്പൂതിരി. അയാൾ ഒരു ബ്രഹ്മചാരിയാണ് വാസുദേവൻ. ഇട്ട്യാമ്പു എന്ന ഓമനപ്പേരുള്ള വാസുദേവൻ. അവനെ ഒരു ശുഭമുഹൂർത്തത്തിൽ നാവിൽ51 അക്ഷരം പവിത്രമോതിരം കൊണ്ട് കുത്തിക്കുന്നു. അന്നു തുടങ്ങി

അവന്റെ ദുരിതം ഉപനയനമെന്ന ഹിരണ്യഗർഭത്തിലൂടെ വാസുദേവൻ ഒരു ബ്രഹ്മചാരിയായി. അവന്റെ കുട്ടിക്കാലത്തെ ഇല്ലതാക്കി. ഒരേഴെട്ടുവർഷം വേദാദ്യനത്തിനശേഷം സമാവർത്തനമെന്ന മറ്റൊരു വാതിലിൽ കൂടി വാസുദേവൻ സ്വതന്ത്രത്തിന്റെ സുഖം അറിഞ്ഞു പതിനെട്ടാമത്തെ വയസ്സിൽ ഒരു മധുരപ്പതിനേഴുകാരിയുടെ നിശാകാമുകനായി ആപരമഭാഗ്യവാൻ ശ്രീദേവി അല്ലങ്കിൽ ഇട്ടിച്ചി പതിനാലാം വയസ്സിൽ ഒന്നു തിരണ്ടു പിന്നീടൊരു പത്തു വർഷം അന്തഃപുരത്തിൽ അവിവാഹിതയായി കഴിഞ്ഞു.പിന്നീട് പടുവൃദ്ധ ബ്രാഹ്മണനെ വിവാഹം കഴിച്ച. മച്ചിപ്പൈക്കൾ കടന്നാക്രമിച്ച ഫലമായി ശ്രീദേവി എന്ന പെൺ കുട്ടി ആ ഇളം പ്രായത്തിൽ വിധവയായി .എന്തൊരു അനാചാരം ജാതിയെന്ന മതിൽക്കെട്ടിനുള്ളിൽ നിലനിന്ന തെറ്റായ വിശ്വാസങ്ങൾക്ക്ഇരയായ ഓരോ സ്ത്രീക്കും പുഷനും വേണ്ടി ലേഖകൻ വാദിക്കുന്നു.

# പ്രളയഗാനം



ആദിഷ് കൃഷ്ണ.പി

കാറ്റും കോളും പേമാരിയുമായി
കേരള നാട്ടിൽ പ്രളയം
വീടും കൂടും നഷ്ടപ്പെട്ടവർ
പ്രാണനിനായി കേണു
മനസ്സിൻ നന്മ യഥാർഥ സ്നേഹം
എന്നിവയെല്ലാം തിരിച്ചറിഞ്ഞു
സ്വർത്ഥത എല്ലാം വെടിഞ്ഞ്
കേരളമക്കൾ ഒറ്റക്കെട്ടായ്
നാടിനു വേണ്ടി പൊരുതി.

# ഗ്രീഷ്മവും കണ്ണീരും കവിതാസമാഹാരം

എ അയ്യപ്പൻ



**നന്ദന ചന്ദ്രൻ**

എ-അയ്യപ്പൻെറ "ഗ്രഷ്മവും കണ്ണീരും" എന്ന ഗ്രന്ഥം അതിമനോഹരമാണ്. ബുദ്ധനും, ആട്ടിൻ കുട്ടിയും, കറുപ്പ് എന്നീ സമാഹാരങ്ങൾക്കു ശേഷം മൾബറി പ്രസിദ്ധീകരിക്കുന്ന എ അയ്യപ്പൻെറ കവിതാസമാഹാരമാണ് "ഗ്രീഷ്മവും കണ്ണീരും".

ഈ കവിതാസമാഹാരത്തിൽ ഇരുപത്തിനാലോളം കവിതകളുണ്ട്. അയ്യപ്പൻെറ സമീപ കവിതകളും, ഏതാനും പഴയ കവിതകളുമാണ് ഇതിൻെറ ഉള്ളടക്കം. ആ പഴയ കവിതകൾ നാളിതുവരെ അയ്യപ്പൻെറ ഒരു സമാഹാരത്തിലും ചേർപ്പെട്ടില്ല.

മഹാവേദനയുടെ ഉപനിഷത്തായി മാറുന്ന ആ കാവ്യദേവൻെറ കവിത കൊണ്ടുമാത്രം അന്നം നേടുന്ന ആ പച്ചമനുഷ്യൻെറ ഈ "ഗ്രീഷ്മവും കണ്ണീരും" വായനക്കാർക്ക് തൃപ്തിപ്പെടുത്തുന്നു.

ഈ കവിതാസമാഹാരത്തിലെ 'മൃത്യു' എന്ന കവിത എന്നെ വല്ലാതെ ആകർഷിച്ചു. ഈ വെളിച്ചത്തിൽ പോലും നീയെൻെറ പിന്നിൽതന്നെ ഭീരുവായ് കറുത്ത മുഖവുമായി തന്നെ വരുകയാണ്. വേർപിരിയുന്ന നിമിഷമെല്ലാം, ഭ്രവിത് എന്നും കാണുന്നു. തമ്മിൽ നടിപ്പുകണ്ടിില്ലെന്നും എനിക്ക് ചുറ്റും തന്നെ തണുത്ത വിരൽത്തുമ്പായാൽ തൊടുവാൻ കൊതിച്ചു നിൽപൂപിരിയാതെ ഇറ്റിറ്റു വീഴുന്ന കണ്ണുനീർ കാണും നേരം ചിരിയാണ് നിനക്ക് ദാഹം തീർക്കാൻ വേണ്ടതൻെറ മണ്ണിനെ മർത്ത്യമനസ്സിലാളിക്കത്തും അഗ്നിജാലകങ്ങൾ മാത്രം ജീവിതത്തിൻെറ തീയും ചാരവും സ്നേഹമില്ല ശൂന്യത എനിക്കുകടങ്കഥ. നിൻെറ കണ്ണിനും മനസ്സുണ്ടെങ്കിൽ മനസ്സിനും എന്നും എന്തൊരുകുളിർമയെന്നോയെൻെറ പട്ടട കാണാൻ ഞാനെരിയുന്ന തീയ്ക്കു ചുറ്റും നിലയ്ക്കുമെൻസ്നേഹമൂകദു:ഖത്തിൻ നെഞ്ചിൻ അഗ്നി നീ കാണുന്നില്ല. മൃത്യു (വിവേകോദയം സി കേശവൻ സപ്ലിൻെറ്,

സെപ്തംബർ 1969) എന്ന ഈ കവിത നമ്മോട് എന്തോ പറയാൻ ശ്രമിക്കുന്നു.

വെറും 66 പേജ് അടങ്ങുന്ന ചെറുപുസ്തകമാണ് ഇത്. അനുബന്ധമായി ഹ്രസ്വമെല്ലെങ്കിലും നല്ല നിരീക്ഷണമുള്ള ഒരു പഠനക്കുറിപ്പും ഇതിൽ ചേർത്തിട്ടുണ്ട്.

കവിതകൾക്കെല്ലാം ജീവനുള്ളതായി തോന്നുന്നു. ജൂലായ് 1970-ൽ എഴുതിയ ഒര് ദു:ഖത്തിന്റെ രണ്ടിതൾ എന്ന കവിതയും എനിക്ക വളരെ ഇഷ്ടമായി. കൊള്ളിമീൻദ്യുതി രണ്ടുകണ്ണിലുമേറ്റുവാങ്ങാൻ കണ്ണുനീർ വെളിച്ചത്തെക്കുടിച്ചു ദാഹം തീർക്കാൻ, പഞ്ജരമിതിന്നുള്ളിൽ പകരാൻ കഴിയാതെ, ചിറകിട്ടടിക്കുന്ന മമഭാവന, ചിന്ത മധുരോദാരദു:ഖം മനസ്സിൽത്തുളുമ്പുന്നു. ഭാവന, പഞ്ജരത്തിന്നഴികൾ കർത്തുകൊണ്ടോമനിക്കുന്ന ചക്രവാളത്തിൻ സൗന്ദര്യത്തെ പഞ്ജരങ്ങളിലല്ല മഹാദുർഗ്ഗത്തിൽ തന്നെ ബന്ധിച്ചുകൊള്ളുയെന്നെയെങ്കിലും വികാസത്തെ കണ്ടുകൊണ്ടിരിക്കുമെന്നാത്മാവിന്നുദ്ദീപ്തമാം കൺകളിൽ വെളിച്ചത്തെ കൂട്ടിലൊതുക്കുമോ നീയും. കരിഞ്ഞുചാരമാകുമായിരുന്നെൻ പക്ഷങ്ങൾ കഴിയാതായി തീരുമായിരുന്നു പാറുവാൻ. കൊഴിഞ്ഞിരുന്നെങ്കിലീ പൂഞ്ചിറകുകൾ രണ്ടും ഇഴയുമായിരുന്നീ ഭുവിൽ ഞാൻ പുഴുപോലെ ഇന്നനന്തതയിൽ ഞാൻ പൊങ്ങിത്താഴുന്നു,യെന്നെ ഇരുമ്പുകൂട്ടിലാക്കാനെലവിടെ പൊങ്ങും കൈകൾ? വിഡ്ഢിയാക്കിഞാനെന്നെ കൂട്ടിലിട്ടുപൂട്ടിയവേടനെ പഞ്ജരത്തെ കൊത്തിപ്പൊളിച്ചു പോന്നു. ഇവിടെയെന്നെ തളിച്ചുവാനില്ല മതിൽ കെട്ടുമോ, കാരാഗാര ഭൂമിയോ, ചങ്ങലയോ ഈയനന്തവിശാല വിശ്വം. മധുപഞ്ജരാം, നുകർന്നുവളരും ഞാനിതിലെ തേൻതുള്ളികൾ. അലഞ്ഞെഴുതുന്നവന്റെ ജീവിതരചന അയ്യപ്പൻ തുടരുക തന്നയാണ്. ഉടഞ്ഞുപോയ ചില്ലുകൾ പരസ്പരം ചേർത്തുവയ്ക്കാൻ ശ്രമിക്കുകയാണ്. ഏതു ശിലയിലും ശില്പമുണ്ടെന്ന ഉണർവോടെ എരിയുന്ന നെഞ്ചിനും വയറിനും വാക്കിന്റെ അന്നജമുണ്ടാക്കിക്കൊടുക്കുന്നു അനാഥത്വത്തിന് അയ്യപ്പന്റെ ദാനമാണ് കവിതകൾ.

എല്ലാ കവിതകളും നല്ല കവിതകളാണ്. വിഷമങ്ങളും, ഇണക്കങ്ങളും, സന്തോഷവും എല്ലാം ചേർന്ന കവിതകളാണ് ഇതിലുള്ളത്. ബലിയർപ്പണത്തിന്റെ വേദനയും വിശ്വാസവും അനുഭവിക്കുന്ന കവിതകളാണ് ഇതിലേറയും. തന്റെ ജീവിതത്തിൽ നിന്നും എടുത്ത കവിതകളാണ് എന്നു തോന്നുംവിധം കവിതകൾ നമ്മെ ഉണർത്തുകയാണ്. ബലിക്കുറിപ്പുകൾ, പ്രവാസിയുടെ ഗീതം, ചിത്തരോഗാശുപത്രിയിലെ ദിനങ്ങൾ, ബുദ്ധനും ആട്ടിൻ കുട്ടിയും, മാളമില്ലാത്ത പാമ്പ്, വെയിൽ തിന്നുന്ന പക്ഷി, കറുപ്പ്, കണ്ണ്, ജയിൽ മുറ്റത്തെ പൂക്കൾ, കുട്ടികളും രക്തസാക്ഷികളും ഇവയാണ് പ്രധാന കൃതികൾ.

# സ്നേഹത്തിന്റെ താളുകൾ



ജിൻഷ രാജ്.കെ, IX-B

സ്നേഹത്തിന്റെ ആത്മാവിൻ
ആഴങ്ങളിൽ ഞാൻ
ഒരു കുഞ്ഞു
മാൻപേടയായിരുന്നു.
വിരഹത്തിൽ വേ
നൊമ്പരം പൂണ്ടു ഞാൻ
വീണിരുന്നു.
ഒറ്റയ്ക്കു ഞാനാ
കൂരിരുട്ടിൽ
സ്നേഹത്തെപറ്റി
ഓർത്തിരുന്നു.
കുന്നിൻ മുകളിലെ
പൂമരത്തിൽ
കാലൊച്ച കേട്ടു ഞാൻ
പുഞ്ചിരിച്ചു.
പണ്ടത്തെ പാട്ടിന്റെ
ഇണങ്ങളിൽ
ഓർമ്മകൾ ഇപ്പോഴും
മങ്ങിടുന്നു.
ഇനിയും നമുക്കാ
നാളുകളിൽ
ഒരുമിച്ചു ജീവിക്കാൻ
ഓർത്തിരിക്കാം.


FIVE LITTLE KITES FLYING
HIGH IN THE SKY.

# गोदान - प्रमचंद



अभिन

गोदान उपन्यस भारतीय ऋषक जीवन के अनुभूत याथाऱ्थ की  गाया है । इसका नायक होरी है जो भारतीय किसानों का प्रतिनिधि है ।होरी जीवन के आरंभ से लेकर अपनि अंतिम सांस तक कटिन मेहनत करता है,फिर भि वह अपने बच्चों को पेट-भर रोटी नहीं खिला सकता । उसकी गर्द्दन .जमीदारों के पैरों नीचे दबती रहती है।जिदगी भर वह दबात का शिकार बना रहता है।  गोदान के प्ररंभ में होरी .जमीदार से मिलकर अपना दुगडा रोने निकल पडता है।लेकिन ग्रामीण त्योहार मानने के बहाने .जमीदार होरी से पैसा मांगता है।ऋषक मरजाला के नाम पर वह

विवशलाश पैसा देता है।उसके मन में एक गाय खरीदने की अदम्य लालसा थी।इस अंतरंग मोह पर गहरा धक्का लगा।फिर भी गाय अपनाने की चाह बलवती होती फ्रमिक विकास-यात्र  गोदान को औपन्यासिक फसक पर खीचे ऐतिहारिक पद-चिहानो का उदब्ब भाव-सौंदय्र प्रदान करती है। गोदान में होरी

के दुखांत की कारुणिक तस्वीर खीचने के साथ उनेक प्रसांतिक कथओं के गौण के जीवन की गातिविगतियों का थी चित्तण किया गया है।

# സ്കൂൾ കാർഷിക ക്ലബ്ബ്

സ്കൂൾ കാർഷിക ക്ലബ്ബ് പച്ചക്കറി കൃഷി-ഔഷധസസ്യകൃഷി
എന്നിവ ഏറ്റെടുത്ത് പരിപാലിച്ചു വരുന്നു. ഇതിൻെറ ഔപചാരികമായ
ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ
ശ്രീ.സി.പി.ദാമോദരൻ മാസ്റ്റർ ഉദ്ഘാടനം
ചെയ്തു.











# ദണ്ഡിയാത്ര

മഹാത്മാജിയുടെ 150 ജന്മവാർഷികഘോഷത്തിൻെറ ഭാഗമായി 'ദണ്ഡിയാത്ര പുനരാവിഷ്ക്കരണ'വും പഞ്ചായത്ത് തല ക്വിസ് മത്സരവും വിദ്യാലയത്തിൽ സംഘടിപ്പിച്ചിരുന്നു.



# പ്രളയ ദുരന്തത്തിന് കൈത്താങ്ങ്

പ്രളയ ദുരന്തത്തിന് കൈത്താങ്ങ് നൽകാൻ വിദ്യാലയം മുന്നിട്ടിരുന്നു. വിദ്യാർത്ഥികൾ സ്വമനസ്സാലേ നൽകിയ 35 ചാക്ക് അരിയും അമൃതം യൂണിറ്റ് നൽകിയ 2 ചാക്ക് അമൃതം പൊടി ഉൾപ്പെടെ ഉൽപ്പന്നങ്ങൾ കണ്ണൂർ കളക്ടറേറ്റിൽ ഏൽപ്പിച്ചു. ഡെപ്യൂട്ടി കളക്ടർ ശ്രീ. ഗോപിനാഥ് ഏറ്റുവാങ്ങി. പി. ടി. എ പ്രസിഡൻെറ് ശ്രീ. പി. ബാബു, ഹെഡ്മാസ്റ്റർ ശ്രീ. കെ. എം. സുനിൽകുമാർ എന്നിവർ നേതൃത്വം നൽകി. പിന്നീട് പ്രളയ ബാധത വിദ്യാലയത്തിലേക്ക് നോട്ടുപുസ്തകങ്ങൾ, പേന തുടങ്ങിയവ എത്തിക്കാനും വിദ്യാലയം നേതൃത്വം നൽകി.



# പ്രവേശനോത്സവം

ഈ വർഷത്തെ പ്രവേശനോത്സവം ഉത്സവാന്തരീക്ഷത്തിലാണ് വിദ്യാലയം ആഘോഷിച്ചത് നവാഗതരായ വിദ്യാർത്ഥികൾ അക്ഷര ദീപം കൊളുത്തി തുടങ്ങിയ ചടങ്ങ് ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻെറിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ ജയപാലൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു .തുടർച്ചയായി പന്ത്രണ്ടാമത് വർഷവും വിദ്യാലയത്തിന് SSLC 100 ശതമാനം വിജയം നേടിത്തന്ന വിദ്യാർത്ഥികളെ ചടങ്ങിൽ അനുമോദിച്ചു. പൂർവ്വവിദ്യാർത്ഥിയും ന്യൂറോ സർജനുമായ ഡോ.എ.കെ മുരളീകൃഷ്ണൻ മുഖ്യതിഥി ആയിരുന്നു. ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ തലക്കാടൻ ഭാസ്കരൻ അധ്യക്ഷത വഹിച്ചു .നവാഗതരായ മുഴുവൻ പേർക്കും സ്റ്റാഫ് സൗജന്യമായി ബാഗ് നൽകി. പി.ടി.എ അംഗങ്ങൾക്ക് ഉൾപ്പെടെ മറ്റ് ഉപഹാരങ്ങളും വിദ്യാർത്ഥികൾക്ക് നൽകിയിരുന്നു വിദ്യാഭ്യാസ,സാമൂഹിക രാഷ്ട്രീയ രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ ചടങ്ങിൽ പങ്കെടുത്തു. 34 വർഷത്തെ സേവനത്തിനു ശേഷം വിരമിച്ച പാചകതൊഴിലാളി കെ.പത്മിനിക്ക് ചടങ്ങിൽ വെച്ച് യാത്രയയപ്പ് നൽകി.





# S P C പ്രവർത്തനം

ജി. എച്ച്. എസ്. എസ്. മമ്പറത്തിനു ലഭ്യച്ച ഏറ്റവും വലിയ മികവുകളിൽ ഒന്നാണ് സ്റ്റുഡൻറ് പോലീസ് കേഡറ്റ് യൂണിറ്റ്. കുത്തുപറമ്പ് പോലീസ് സ്റ്റേഷനു കീഴിലുള്ള ഏക SPC യൂനിറ്റാണ് വിദ്യാലയത്തിനുള്ളത്. എം. ശങ്കരനാരായനണൻ മാസ്റ്റർ, കെ. സരശ്രി ടീച്ചർ എന്നിവരാണ് SPC യുടെ സ്കൂൾ ഓഫീസർമാരായി പ്രവർത്തിക്കുന്നത്. ശനി, ബുധൻ ദിവസങ്ങളിൽ പോലീസ് ഓഫീസർമാർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. വിദ്യാർത്ഥികളിൽ അച്ചടക്കം, ഉത്തരവാദിത്തബോധം, നിയമ അവബോധനം എന്നിവ വളർത്തിയെടുത്ത് അവരെ സമൂഹത്തിന് ഉപകരിക്കത്തക്കവിധം ഉത്തമ പൗരന്മാരാക്കി മാറ്റുക എന്ന മികച്ച ലക്ഷ്യത്തോടെയാണ് SPC യൂണിറ്റ് സ്കൂളിൽ പ്രവർത്തിക്കുന്നത്. ലഹരി ബോധവൽക്കരണം, നിയമബോധവൽക്കരണം, വിവിധ സന്ദേശ-വിളംബര ജാഥകൾ SPC യൂണിറ്റ് സംഘടിപ്പിച്ചു. മനുഷ്യാവകാശ ദിനാചരണത്തിൻെറ ഭാഗമായി നടന്ന ചടങ്ങ് തലശ്ശേരി എ. എസ്. പി - ചൈത്ര തെരേസജോൺ IPS ഉദ്ഘാടനം ചെയ്തു. അഡ്വ. ചന്ദ്രബാബു ബോധവൽക്കരണ ക്ലാസ്സെടുത്തു. ക്രിസ്തുമസ് വെക്കേഷന് ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു.





## ഈ മാസികയുടെ പ്രവർത്തനങ്ങളിൽ

# പങ്കാളികളായ എല്ലാവർക്കും നന്ദി

